പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. T365 27.06.2012 ൽ മറുപടിക്ക്

# പുകയില ലഹരി പദാർത്ഥങ്ങളുടെ നിരോധനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എസ്.സുനിൽ കുമാർ :<br>,, വി.ശശി: | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുകയില ലഹരി പദാർത്ഥങ്ങൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സുലഭമായി ലഭിയ്ക്കുന്ന ഏതെല്ലാം ഉല്പന്നങ്ങളാണ് നിരോധനത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് പറയാമോ ; | (എ) | പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. പുകയില, നിക്കോട്ടിൻ എന്നിവയടങ്ങിയ പാൻ പരാഗ്, ഗുഡ്ക എന്നീ ഉല്പന്നങ്ങൾ അവ ഏതു പേരിലറിയപ്പെട്ടാലും സംസ്ഥാനത്ത് അവയുടെ സംഭരണം, വിതരണം, വില്പന എന്നിവ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 22.05.2012 ലെ എ-1327/സി.എഫ്.എസ് എന്ന ഉത്തരവ് പ്രകാരം നിരോധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിരോധനം കർശനമായി നടപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; | (ബി) | നിരോധനം കർശനമായി നടപ്പാക്കുന്നതിന് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിലുള്ള എല്ലാ ജില്ലാതല ഉദ്യോഗസ്ഥർക്കും ഫുഡ് സേഫ്റ്റി ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം ഉല്പന്നങ്ങൾ സംഭരിക്കുവാനോ വില്പന നടത്തുവാനോ സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും വ്യാപകമായ പരിശോധന നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത്തരം ഉല്പന്നങ്ങൾ കടന്നു വരുവാൻ സാധ്യതയുള്ള ചെക്ക് പോസ്റ്റുകളിൽ കർശനമായ നിരീക്ഷണവും അന്തർ സംസ്ഥാന ട്രെയിനുകൾ, ലക്ഷ്വറി ബസ്സുകൾ എന്നിവ പരിശോധിക്കുവാൻ വേണ്ട നിർദ്ദേശവും നൽകണമെന്ന് പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിരോധന ഉത്തരവിനെ സംബന്ധിച്ച് വിശദാംശങ്ങൾ എല്ലാ പത്രങ്ങളിലും പരസ്യം നൽകിയിട്ടുണ്ട്. |
| (സി) | പുകയില ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന തകരാറുകളെ സംബന്ധിച്ച് സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവത്ക്കരണം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | സ്കൂൾ / കോളേജ് തലങ്ങളിൽ ബോധവത്ക്കരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ